# CAREER Updates

# പത്രവൃത്താന്തം

31.03.2024 (ഞായർ)



- ⇨ 2024 മാർച്ചിൽ മാധവിക്കുട്ടി പുരസ്കാരം നേടിയ പ്രശസ്ത മലയാള സാഹിത്യകാരി
- ✔ കെ.ആർ. മീര
- പുന്നയൂർക്കുളം സാഹിത്യസമിതിയുടെ പ്രഥമ മാധവിക്കുട്ടി പുരസ്കാരത്തിനാണ് 2024 മാർച്ചിൽ കെ.ആർ. മീര അർഹയായത്. സാഹിത്യരംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് കെ.ആർ. മീരയ്ക്ക് പുരസ്കാരം നൽകപ്പെട്ടത്. 25000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുന്നയൂർക്കുളം സാഹിത്യസമിതിയുടെ മാധവിക്കുട്ടി പുരസ്കാരം.
- 'ആവേ മരിയ' എന്ന ചെറുകഥയിലൂടെ 2009-ലെയും 'ആരാച്ചാർ' എന്ന നോവലിലൂടെ 2013-ലെയും കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ കെ.ആർ മീരയ്ക്ക് 2015-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചിട്ടുണ്ട്. 2013-ലെ ഓടക്കുഴൽ പുരസ്കാരവും 2014-ലെ വയലാർ പുരസ്കാരവും കെ.ആർ. മീരയ്ക്കായിരുന്നു.
- 'നേത്രോന്മീലനം', 'മാലാഖയുടെ ചിറകുകൾ കരിനീല', 'ആ നിറത്തെയും മറന്നു ഞാൻ', 'സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ', 'ഘാതകൻ', 'ഖബർ' മുതലായവയാണ് കെ.ആർ. മീരയുടെ പ്രധാന കൃതികൾ.

- ⇨ ഐ ലീഗ് ഫുട്ബോളിൽ ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ ഇന്ത്യൻ താരം എന്ന റെക്കോഡ് 2024 മാർച്ചിൽ നേടിയത്
- ✔ ലാൽറിൻസുവാല ലാൽബിയാങ്നി
- ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ നിലവിലെ ക്യാപ്റ്റൻ സുനിൽ ഛേത്രിയുടെയും മലയാളി താരം മുഹമ്മദ് റാഫിയുടെയും പേരിലെ റെക്കോഡ് ആണ് മിസോറമിന്റെ മുന്നേറ്റനിര താരം ലാൽറിൻസുവാല ലാൽബിയാങ്നി മറികടന്നത്. ഈ സീസണിൽ ഐസോൾ എഫ്.സിയ്ക്ക് വേണ്ടി 15 ഗോളുകൾ നേടിയതോടെ സുനിൽ ഛേത്രിയുടെയും മുഹമ്മദ് റാഫിയുടെയും 14 ഗോളിന്റെ റെക്കോഡ് ലാൽറിൻസുവാലയുടെ പേരിലായി.
- ⇨ ഏറ്റവും വേഗത്തിൽ 50 കോടി ക്ലബ്ബിൽ കയറിയ മലയാള ചലച്ചിത്രം എന്ന റെക്കോഡ് 2024 മാർച്ചിൽ സ്വന്തമാക്കിയത്
- ✔ ആടുജീവിതം
- മോഹൻലാൽ ചിത്രം ലൂസിഫറിന്റെ റെക്കോഡ് ആണ് റിലീസിന് ശേഷം വെറും മൂന്ന് ദിവസം കൊണ്ട് പൃഥ്വിരാജ് ചിത്രമായ 'ആടുജീവിതം' മറികടന്നത്.
- ⇨ 2024 മാർച്ചിൽ ഇന്ത്യയുടെയും അമേരിക്കയുടെയും സേനകൾ സംയുക്തമായി സംഘടിപ്പിച്ച സൈനികാഭ്യാസം
- ✔ ടൈഗർ ട്രയംഫ്
- ⇨ ഒരാളുടെ ശബ്ദത്തിന്റെ തനിപ്പകർപ്പ് നിർമ്മിതബുദ്ധി ഉപയോഗിച്ച് നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്ന കമ്പനി
- ✔ ഓപ്പൺ എ.ഐ.

- ⇨ നക്ഷത്രങ്ങളുടെ പരസ്പര ലയനത്തിലൂടെയാണ് നീല സൂപ്പർജയന്റ് നക്ഷത്രങ്ങളുടെ ഉത്ഭവമെന്ന് കണ്ടെത്തിയ ശാസ്ത്രസംഘത്തിന് നേതൃത്വം നൽകിയ മലയാളി ശാസ്ത്രജ്ഞ
- ✔ ഡോ. ആതിര മേനോൻ
- ഭ്രമണം ചെയ്യുന്ന ഇരട്ടനക്ഷത്രങ്ങളിൽ താരതമ്യേന വലുത്, ചെറുതുമായി സംയോജിച്ചാണ് നീല സൂപ്പർജയന്റ് നക്ഷത്രങ്ങൾ പിറവിയെടുക്കുന്നത് എന്നാണ് ഡോ. ആതിര മേനോന്റെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പതിനൊന്ന് അംഗ ഗവേഷണ സംഘം കണ്ടെത്തിയത്.
- ⇨ മാധവകവിയുടെ സ്മരണയ്ക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകുന്ന മാധവമുദ്ര പുരസ്കാരം 2024 മാർച്ചിൽ നേടിയ മുൻ കേരള ചീഫ് സെക്രട്ടറി
- ✔ ആർ. രാമചന്ദ്രൻ നായർ
- ⇨ കേരള വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച ത്രിദിന അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിന് വേദിയായത്
- ✔ വർക്കല, തിരുവനന്തപുരം
- ⇨ അദാനി ഗ്രൂപ്പും അംബാനി ഗ്രൂപ്പും സഹകരിക്കുന്ന ആദ്യ സംരംഭമായ മഹാൻ എനർജെൻ ലിമിറ്റഡ് എന്ന സ്വകാര്യ താപോർജ്ജ നിലയം സ്ഥിതി ചെയ്യുന്നത് ഏത് ഇന്ത്യൻ സംസ്ഥാനത്താണ്?
- ✔ മധ്യപ്രദേശ്
- ⇨ സ്വകാര്യ മേഖലയിലും സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെയും വികസിപ്പിക്കുന്ന ലോജിസ്റ്റിക് പാർക്കുകൾക്ക് വ്യവസായ മേഖലാ പദവി നൽകുന്നതിനായി ചുമട്ടു തൊഴിലാളി നിയമം ഭേദഗതി ചെയ്യുമെന്ന് പ്രഖ്യാപിച്ച ഇന്ത്യൻ സംസ്ഥാനം
- ✔ കേരളം

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999